

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 7. പ്രാചീനഭൗതികവാദികൾ

സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


7 പ്രാചീനഭൗതികവാദികൾ . . . . . . . . . . . . . . . . 1

1 ഋഗ്വേദത്തിലെ പ്രതിഷേധസ്വരങ്ങൾ . 2

2 ഉപനിഷത്തുകളിലെ ഭൗതികവാദം . . 3

3 സ്വഭാവവാദവും യദൃച്ഛാവാദവും . . . . 4

4 മഹാഭാരതത്തിലും രാമായണത്തിലും 5

5 ബൗദ്ധജൈനകൃതികളിൽ . . . . . . 6

6 പരലോകമില്ല, പുനർജന്മമില്ല . . . . 7

7 പ്രപഞ്ചത്തിന്റെ മൂലഘടകങ്ങൾ . . . 8

8 ആജീവകദർശനം . . . . . . . . . . . 9

# 7

# പ്രാചീനഭൗതികവാദികൾ

ആധ്യാത്മികദർശനങ്ങളെന്നപോലെ തന്നെ ഭൗതികവാദ ദർശനങ്ങളും ക്രി. മു. ഏഴാം നൂറ്റാണ്ടിനുശേഷമാണ് രൂപംകൊണ്ടത്. പക്ഷേ, അതിനു മുമ്പും ഭൗതികവാദപരമായ ആശയങ്ങൾ നിലനിന്നിരുന്നു. രാമായണത്തിലും മഹാഭാരതത്തിലും ഉപനിഷത്തുകളിലും മാത്രമല്ല, അതിപ്രാചീനകൃതിയായ ഋഗ്വേദത്തിൽപോലും അവയുടെ ലക്ഷണങ്ങളുണ്ട്. രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, "ഭൗതികവാദത്തിന് തത്വശാസ്ത്രത്തോളം തന്നെ പഴക്കമുണ്ട്. ബുദ്ധന്റെ കാലത്തിനുമുമ്പു തന്നെ അതു നിലനിന്നിരുന്നു. ഋഗ്വേദസൂക്തങ്ങളിൽ അതിന്റെ ബീജരൂപങ്ങൾ കാണാം." [1]

---

1. S. Radhakrishnan: Indian Philosophy Vol. I, P. 277.

## 1 ഋഗ്വേദത്തിലെ പ്രതിഷേധസ്വരങ്ങൾ

ഋഗ്വേദത്തിന്റെ കാലത്ത് ജീവിച്ചിരുന്ന ബൃഹസ്പതിയാണ് ഭാരതീയഭൗതികവാദത്തിന്റെ ഉപജ്ഞാതാവ് എന്നു കരുതപ്പെടുന്നു. ഭൗതികപദാർത്ഥമാണ് അന്തിമ യാഥാർത്ഥ്യം എന്ന് ആദ്യമായി പ്രഖ്യാപിച്ചത് അദ്ദേഹമാണത്രേ. അദ്ദേഹവും അനുയായികളും ഈശ്വരനെ നിഷേധിച്ചു; അനശ്വരമായ ആത്മാവ്, മരണാനന്തരജീവിതം എന്നീ സങ്കല്പങ്ങളെ നിരാകരിച്ചു. [2]

ബൃഹസ്പതിയുടെ ശിഷ്യനായ ധിഷണൻ വൈദികപുരോഹിതന്മാരെ വഞ്ചകരും കപടവേഷക്കാരുമായി ചിത്രീകരിച്ചു. പരമേഷ്ഠിയെന്ന മറ്റൊരു ചിന്തകൻ മൗലികമായ ഭൗതികപദാർത്ഥത്തിനപ്പുറത്തുള്ള യാതൊന്നിനെക്കുറിച്ചും അറിയാൻ സാധ്യമല്ലെന്നു സിദ്ധാന്തിച്ചു. ഭൃഗുവാണ് അതിപ്രാചീനകാലത്തെ മറ്റൊരു ചിന്തകൻ. അരവിന്ദഘോഷ് അദ്ദേഹത്തിന്റെ ഒരു സുപ്രസിദ്ധമായ പ്രഖ്യാപനം ഉദ്ധരിക്കുന്നു: "ഭൗതികപദാർത്ഥം ശാശ്വതമാണ്. ജീവജാലങ്ങൾ ജനിക്കുന്നത് ഭൗതികപദാർത്ഥത്തിൽ നിന്നാണ്. ഭൗതികപദാർത്ഥത്തിന്റെ സഹായത്തോടെ അവ നിലനിൽക്കുന്നു. ഭൗതികപദാർത്ഥത്തിലേക്ക് അവയെല്ലാം തിരിച്ചുപോകുകയും ചെയ്യുന്നു". [3]

ഋഗ്വേദത്തിൽ തവളകളെപ്പറ്റിയുള്ള ഒരു സൂക്തം ബ്രാഹ്മണപുരോഹിതന്മാർക്കും അവരുടെ മന്ത്രോച്ചാരണസമ്പ്രദായത്തിനും എതിരായി തൊടുത്തുവിടപ്പെട്ട ആക്ഷേപഹാസ്യമാണെന്ന് മാക്സ്മുള്ളർ കരുതുന്നു. കൗത്സൻ എന്ന ഒരു ചിന്തകൻ വേദങ്ങളുടെ നിരർത്ഥകതയും വൈരുധ്യങ്ങളും തുറന്നു കാണിക്കുകയുണ്ടായി എന്ന് യാസ്കൻ തന്റെ നിരുക്തത്തിൽ പ്രസ്താവിക്കുന്നു. ഹിരിയണ്ണ എഴുതുന്നു:

> "ചിലപ്പോൾ സംശയത്തിന്റെ രൂപത്തിലും മറ്റു ചിലപ്പോൾ അവിശ്വാസത്തിന്റെ രൂപത്തിലുമാണ് ഈ പ്രവണത പ്രകടിതമാകുന്നത്. ഏതു രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും ശരി, അത് വേദത്തിന്റെ പാരമ്പര്യാനുസൃതമായ യാഥാസ്ഥിതിക ചിന്തയ്ക്ക് എതിരായിത്തീരുന്നു. ഋഗ്വേദത്തിൽ വിശ്വാസത്തോടുള്ള ഒരു മുഴുവൻ സൂക്തം തന്നെയുണ്ട്. അത് അവസാനിക്കുന്നതിങ്ങനെയാണ്: 'അല്ലയോ വിശ്വാസമേ! ഞങ്ങളെ വിശ്വാസമുള്ളവരാക്കൂ!' ദ്യൂസൻ പ്രസ്താവിക്കുന്നതുപോലെ, ഈ സൂക്തം രചിക്കപ്പെട്ട കാലത്ത് ഒരുതരം വിശ്വാസരാഹിത്യം നിലനിന്നിരുന്നു എന്ന് നമ്മൾ കരുതുന്നില്ലെങ്കിൽ ഇത്തരമൊരു പ്രാർത്ഥനയ്ക്ക് യാതൊരർത്ഥവും ഇല്ലാതാവും. വിശ്വാസരാഹിത്യത്തിന്റെ ഉദാഹരണങ്ങളായി മറ്റുരണ്ട് ഋഗ്വേദസൂക്തങ്ങൾ കൂടി എടുത്തുകാണിക്കാം. ഒന്നാമത്തേത് ഇന്ദ്രന്റെ അസ്തിത്വത്തിലും ആധിപത്യത്തിലുമുള്ള അവിശ്വാസത്തെപ്പറ്റിയും ഇന്ദ്രന് പ്രതാപവും ശക്തിയുമുണ്ടെന്നു വിശ്വസിക്കാത്തവരെപ്പറ്റിയും വ്യക്തമായി പരാമർശിക്കുന്നു. രണ്ടാമത്തേത് വേദങ്ങളുടെ പ്രചാരകന്മാരെ 'ആത്മദ്രംഭംകൊണ്ട് ചുറ്റിക്കറങ്ങി ജല്പനങ്ങൾ നടത്തുന്ന സ്വാർത്ഥമതികളായ പുരോഹിതന്മാർ' എന്നു വിശേഷിപ്പിച്ചുകൊണ്ട് അപഹസിക്കുന്നു. ഈ പ്രവണതയിൽ നിന്നാണ് കാലക്രമത്തിൽ അംഗീകൃത തത്വങ്ങൾക്കെതിരായ ചിന്താപദ്ധതികൾ രൂപംകൊണ്ടത്". [4]

---

2. Dakshinaranjan Bhattacharya: History of Philosophy Vol. I, P. 133.
3. Aurobindo Gosh: Life Divine, P. 662.
4. M. Hiriyanna: Outlines of Indian Philosophy, pp. 43-44.

## 2 ഉപനിഷത്തുകളിലെ ഭൗതികവാദം

ഉപനിഷത്തുകളുടെ കാലഘട്ടത്തിൽ പൗരോഹിത്യത്തിനും യജ്ഞാദികർമങ്ങൾക്കും എതിരായി അതിരൂക്ഷമായ ആക്രമണങ്ങൾ ഉയർന്നുവന്നു. ഛാന്ദോഗ്യോപനിഷത്തിൽ ഒരിടത്ത് പുരോഹിതരുടെ ഒരു ഘോഷയാത്രയെ “ഓം, ഞങ്ങൾ തിന്നട്ടെ, ഓം ഞങ്ങൾ കുടിക്കട്ടെ” എന്നു കലമ്പുന്ന നായ്ക്കളുടെ ഒരു ഘോഷയാത്രയോട് ഉപമിച്ചിരിക്കുന്നത് കാണാം. നായ്ക്കളെക്കുറിച്ചുള്ള പരാമർശം നിന്ദാസൂചകമല്ലെന്നും ഗോത്രചിഹ്നസിദ്ധാന്തവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അതിനെ വ്യാഖ്യാനിക്കേണ്ടതെന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. പക്ഷേ, മുണ്ഡകോപനിഷത്തിൽ യജ്ഞകർമാദികൾ അസ്ഥിരങ്ങളായ തോണികളെപ്പോലെയാണെന്നും അവയിലേർപ്പെടുന്നവർക്ക് സത്യം കാണാൻ കഴിവില്ലെന്നും അവയിൽ വിശ്വാസമർപ്പിക്കുന്നവരെ ജരയും മൃത്യുവും പിടികൂടുമെന്നും മറ്റും വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. [5] ഇത് ഹിരിയണ്ണയുടെ ശ്രദ്ധയിലും പെട്ടിട്ടുണ്ട്: “ഇപ്രകാരം മുണ്ഡകോപനിഷത്തിൽ യജ്ഞകർമ്മാദികൾക്കെതിരായുള്ള ഏറ്റവും വ്യക്തമായ ആക്രമണങ്ങൾ കാണാം. ഈ കർമങ്ങളിൽ നിന്ന് ഗുണം കിട്ടുമെന്നു വിശ്വസിക്കുന്നവൻ വിഡ്ഢിയാണെന്നും അവനെ ജരയും മൃത്യുവും വീണ്ടും വീണ്ടും പിടികൂടുമെന്നും അവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു”. [6]

ഏറ്റവും പഴക്കമുള്ള ചില ഉപനിഷത്തുകളിലടങ്ങിയ ഭൗതികവാദപരമായ ആശയങ്ങളെപ്പറ്റി നാലാം അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഈശ്വരനെ നിഷേധിക്കുകയും പൗരോഹിത്യത്തെ രൂക്ഷമായ ഭാഷയിൽ ആക്ഷേപിക്കുകയും ഭൗതികപദാർഥത്തിന്നപ്പുറത്ത് യാതൊന്നും ഇല്ലെന്ന് ഉറപ്പിച്ചുപറയുകയും ചെയ്ത ഒട്ടനവധി ചിന്തകന്മാർ അക്കാലത്ത് ജീവിച്ചിരുന്നു എന്നതിനുള്ള തെളിവുകളാണവ. ഒരു പിൽക്കാലകൃതിയായ ശ്വസനവേദോപനിഷത്തിൽ നിന്ന് എം.എൻ. റോയി തന്റെ ‘ഭൗതികവാദം’ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു ചേർത്തിട്ടുള്ള ഈ ഭാഗവും ശ്രദ്ധേയമാണ്.

“അവതാരമില്ല, ദൈവമില്ല, സ്വർഗമില്ല, നരകമില്ല; പരമ്പരാഗതങ്ങളായ എല്ലാ മതസാഹിത്യങ്ങളും അഹങ്കാരികളായ വിഡ്ഢികളുടെ സൃഷ്ടികളാണ്. സ്രഷ്ടാവായ പ്രകൃതിയും സംഹാരകർത്താവായ കാലവുമാണ് എല്ലാ വസ്തുക്കളെയും ഭരിക്കുന്നത്. മനുഷ്യർക്ക് സുഖദുഃഖങ്ങൾ പ്രദാനം ചെയ്യുമ്പോൾ അവ നന്മതിന്മകളെ കണക്കിലെടുക്കുന്നില്ല. ആകർഷകങ്ങളായ വാക്കുകളാൽ വഞ്ചിതരാകുന്നവർ ക്ഷേത്രങ്ങളെയും പുരോഹിതന്മാരെയും ആശ്രയിക്കുന്നു. പക്ഷേ, യഥാർഥത്തിൽ വിഷ്ണുവും നായയും തമ്മിൽ ഒരു വ്യത്യാസവുമില്ല. [7]

ഭൗതികപദാർഥമാണ് പ്രപഞ്ചത്തിന്റെ മൂലഘടകമെന്നും അഭൗമമോ പ്രകൃത്യതീതമോ ആയ യാതൊരു ശക്തിയുമില്ലെന്നും വ്യക്തമാക്കുന്ന പല ഭാഗങ്ങളും ഉപനിഷത്തുകളിൽ കാണാം. പ്രപഞ്ചോൽപത്തിയെപ്പറ്റിയുള്ള ചർച്ചകളിൽ സ്വഭാവവാദം, നിയതിവാദം, യദൃച്ഛാവാദം തുടങ്ങിയ പല ഭൗതികവാദ സിദ്ധാന്തങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. ഉദാഹരണത്തിന് ശ്വേതാശ്വതരോപനിഷത്ത് ചോദിക്കുന്നു: കാലം, സ്വഭാവം, നിയതി, പഞ്ചഭൂതങ്ങൾ, യോനി, പുരുഷൻ ഇവയിലേതാണ് മൂലകാരണം? ഇത്തരം സിദ്ധാന്തങ്ങളെപ്പറ്റി മഹാഭാരതത്തിലും മഹാവീരന്റെയും ഗൗതമബുദ്ധന്റെയും കാലത്ത് ഉയർന്നുവന്ന ചില ദർശനങ്ങളിലും പ്രതിപാദിക്കുന്നുണ്ട്.

---

5. മുണ്ഡകോപനിഷത്ത്, 1. 2. 7-10.
6. M. Hiriyanna: Outlines of Indian Philosophy P. 48
7. M. N. Roy: Materialism.

## 3 സ്വഭാവവാദവും യദൃച്ഛാവാദവും

സ്വഭാവം എന്നുവെച്ചാൽ ഓരോ വസ്തുവിന്റെയും ആന്തരികമായ ഭാവം അല്ലെങ്കിൽ സ്വന്തം പ്രകൃതി എന്നാണർത്ഥം. സ്വഭാവവാദമനുസരിച്ച് ചരാചരങ്ങൾ നിലനിൽക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നത് അവയിൽ അന്തർലീനമായിക്കിടക്കുന്ന ഗുണവിശേഷങ്ങളുടെ ഫലമായിട്ടാണ്. ദൈവമല്ല, സ്വഭാവമാണ് സൃഷ്ടിസ്ഥിതി സംഹാരങ്ങളുടെ കർത്താവ്. ഒരു വസ്തു നിലനിൽക്കുന്നേടത്തോളം അതിന്റെ സ്വഭാവവും നിലനിൽക്കുന്നു. ജീവി ശ്വസിക്കുന്നു. ശ്വാസം ജീവിയുടെ സ്വഭാവമാണ്. മഹാഭാരതം ശാന്തിപർവത്തിൽ ബലി ഇന്ദ്രനോടു പറയുന്നതു നോക്കുക:

> “ജീവനും ശരീരവും സ്വാഭാവികമായിത്തന്നെ (ജാത്യൈവ) ഒന്നിച്ചുവളരുന്നു, ഒന്നിച്ചു നശിക്കുന്നു. എല്ലാ നദികളുടെയും അവസാനസങ്കേതം സമുദ്രമാണ്. അതുപോലെ എല്ലാ ജീവികളുടെയും അവസാനസങ്കേതം മരണമാണ്. ഇതു മനസ്സിലാക്കുന്നവർക്ക് അമ്പരപ്പുണ്ടാവുന്നില്ല”. [8]

ശാന്തിപർവത്തിൽ തന്നെ മറ്റൊരിടത്ത് എല്ലാ വസ്തുക്കളും സ്വഭാവനിരതങ്ങളാണെന്നും എല്ലാ പ്രവൃത്തികളും സ്വഭാവത്തിൽ നിന്ന് ഉളവാകുന്നവയാണ് എന്നും ഭീഷ്മർ പ്രഹ്ളാദനു പറഞ്ഞുകൊടുക്കുന്നു. [9] മാധവാചാര്യരുടെ സർവദർശന സംഗ്രഹത്തിലും അശ്വഘോഷന്റെ ബുദ്ധചരിതത്തിലും സ്വഭാവവാദത്തെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. അഗ്നിയുടെ സ്വഭാവമാണ് ചൂട്. വെള്ളത്തിന്റെ സ്വഭാവം തണുപ്പാണ്. ആരാണ് മുള്ളിനു മൂർച്ചയുണ്ടാക്കിയത്? പക്ഷിമൃഗാദികൾക്ക് വ്യത്യസ്തനിറങ്ങൾ നൽകിയതാരാണ്? ആരുമല്ല. എല്ലാം ഓരോന്നിന്റെയും സ്വഭാവമനുസരിച്ചിരിക്കുന്നു. പ്രയത്നംകൊണ്ട് യാതൊരു പ്രയോജനവുമില്ല. [10]

സ്വഭാവവാദംപോലെ തന്നെ പൗരോഹിത്യത്തിന്റെ കർമസിദ്ധാന്തത്തിനെതിരായി ഉയർന്നുവന്ന മറ്റൊരു വീക്ഷണഗതിയാണ് യദൃച്ഛാവാദം. ബ്രഹ്മം എന്ന ഒന്നില്ലെന്നും പ്രപഞ്ചം ഈശ്വരസൃഷ്ടിയല്ലെന്നും സർവചരാചരങ്ങളും യാദൃശ്ചികമായി ഉണ്ടായവയാണെന്നും അതു വാദിക്കുന്നു. മുള്ളിന്റെ മൂർച്ചയും പക്ഷിമൃഗാദികളുടെ ചോദനകളും എല്ലാം യാദൃച്ഛികമാണ്. ദൈവമില്ല, ഭൗതികപദാർഥം മാത്രമേയുള്ളൂ. ഭൗതികപദാർഥങ്ങളുടെ ആദിമരൂപങ്ങൾ യാദൃച്ഛികമായി കൂടിച്ചേർന്നതിന്റെ ഫലമാണ് പ്രപഞ്ചം. യദൃച്ഛാവാദവും സ്വഭാവവാദവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചുകൊണ്ട് ഹിരിയണ്ണ എഴുതുന്നു:

> “യദൃച്ഛാവാദം ലോകത്തിൽ യാതൊരു ക്രമവുമില്ലെന്നും വല്ല ക്രമീകരണവും കാണപ്പെടുന്നുണ്ടെങ്കിൽ അത് കേവലം യാദൃച്ഛികമാണെന്നും വിശ്വസിക്കുന്നു. വസ്തുക്കളെ അവ എങ്ങനെയിരിക്കുന്നുവോ അങ്ങനെയാക്കിത്തീർത്തത് പ്രകൃതിയാണ് എന്നത്രേ സ്വഭാവവാദം വിശ്വസിക്കുന്നത്. യദൃച്ഛാവാദം കാര്യകാരണബന്ധങ്ങളെ നിരാകരിക്കുന്നു. സ്വഭാവവാദമാകട്ടെ, കാര്യകാരണബന്ധങ്ങൾ സാർവലൗകികമാണെന്നും ഏതെങ്കിലുമൊരു വസ്തുവിലുണ്ടാകുന്ന മാറ്റങ്ങൾ ആ വസ്തുവിന്റെ തന്നെ സ്വഭാവമാണെന്നും കരുതുന്നു. പ്രകൃതിയുടെ പിന്നിൽ ഒരു ദിവ്യശക്തി പ്രവർത്തിക്കുന്നുണ്ടെന്ന ആശയത്തെ രണ്ടു സിദ്ധാന്തങ്ങളും നിരാകരിക്കുന്നു. അലൗകികതയുടെ ആധികാരികമായ പിൻബലം തേടാൻ അവ പരിശ്രമിക്കുന്നുമില്ല.”. [11]

---

8. ജീവിതം ച ശരീരം ച ജാത്യാ വൈ സഹ ജായതേ
ഉഭേ സഹ വിവർധേതേ ഉഭേ സഹ വിനശ്യതഃ
ഭൂതാനാം നിധനം നിഷ്ഠാ സ്രോതസാമിവ സാഗരഃ
നൈതത് സമ്യഗ്വിജാനന്തോ നരാ മുഹ്യന്തി വജ്രധൃൽ.
— മഹാഭാരതം, 223, 7-9.
9. സ്വഭാവാദേവ സംദൃശ്യാ വർതമാനാഃ പ്രവൃത്തയഃ
സ്വഭാവനിരതാഃ സർവാഃ പരിതുഷ്യേന്ന കേനചിത്
— മഹാഭാരതം 179, II.
10. കഃ കണ്ടകാനാം പ്രകരോതി തൈക്ഷ്ണ്യം വിചിത്രഭാവം മൃഗപക്ഷിണാം ച
സ്വഭാവതഃ സർവമിദം പ്രവൃത്തം കഃ കാമചാരോസ്തി കതഃ പ്രയത്നഃ.
— സർവദർശന സംഗ്രഹം, പേ. 13.
11. M. Hiriyanna: Outlines of Indian Philosophy, pp. 103-104.

# 4 മഹാഭാരതത്തിലും രാമായണത്തിലും

മഹാഭാരതത്തിൽ പലതരം ഭൗതികവാദങ്ങളെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. ഉദാഹരണത്തിന് നാസ്തികന്മാരെപ്പറ്റി ജനകന്റെ രാജസദസ്സിൽ നടന്ന സംഭാഷണമെടുക്കാം. ജീവൻ ശരീരത്തിൽ നിന്നു വേറിട്ടു നിൽക്കുന്നില്ലെന്നും മരണത്തിനുശേഷവും ആത്മാവ് നിലനിൽക്കുമെന്ന വിശ്വാസം അസംബന്ധമാണെന്നും മറ്റുമുള്ള നാസ്തികവിശ്വാസങ്ങളെപ്പറ്റി പഞ്ചശിഖൻ ജനകനു വിവരിച്ചുകൊടുക്കുന്നു. [12] പഞ്ചഭൂതങ്ങളിൽ നിന്നാണ് ലോകമാവിർഭവിച്ചതെന്ന് ശാന്തിപർവത്തിൽ വീണ്ടും വീണ്ടും പ്രസ്താവിക്കപ്പെടുന്നുണ്ട്. സമുദ്രത്തിൽ ചെന്നു ലയിക്കുന്നതോടുകൂടി നദികളുടെ പ്രത്യേകതകൾ അവസാനിക്കുന്നതുപോലെ പരമമായ അന്ത്യാവസ്ഥയിൽ വ്യത്യസ്തങ്ങളായ ഭൗതികഘടകങ്ങൾ അന്തർധാനം ചെയ്യുന്നു എന്നു പഞ്ചശിഖൻ ചൂണ്ടിക്കാണിക്കുന്നു.

രാമായണത്തിൽ ഭൗതികവാദസിദ്ധാന്തങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ കുറവാണ്. എങ്കിലും, വാക്കുപാലിക്കാൻ വേണ്ടി വനവാസം വരിച്ച ശ്രീരാമന് ജാബാലിമുനി നൽകിയ ഉപദേശം എടുത്തുകാണിക്കാം. അതിന്റെ ചുരുക്കമാണ് താഴെ കൊടുക്കുന്നത്:

അല്ലയോ രാമ! നീ ഇത്ര സാധുവായിപ്പോയല്ലോ. പിതാവിനെപ്പറ്റിയും ബന്ധുക്കളെപ്പറ്റിയും മറ്റും ആലോചിക്കുന്നതു വെറുതെ. മനുഷ്യൻ ഒറ്റയ്ക്കു ജനിക്കുന്നു; ഒറ്റയ്ക്കു മരിക്കുന്നു. മരണമാണ് എല്ലാറ്റിന്റെയും അവസാനം. അതുകൊണ്ട്, ജീവിച്ചിരിക്കുന്നേടത്തോളം കാലം സുഖമനുഭവിക്കുക. പിതൃരാജ്യമുപേക്ഷിച്ച് കാട്ടിൽ കഷ്ടപ്പെടാൻ പോകുന്നത് വിഡ്ഢിത്തമാണ്. അതുകൊണ്ട് അയോധ്യയിലേക്കു മടങ്ങിപ്പോയി രാജാഭിഷേകം കഴിച്ച് രാജഭോഗങ്ങളനുഭവിച്ച് സുഖിച്ചിരിക്കുക. മരിച്ചുകഴിഞ്ഞാൽ പിന്നെ ഈ ലോകത്തിൽ നിന്ന് ഒന്നും കിട്ടുകയില്ല. ശ്രാദ്ധം തുടങ്ങിയ കർമങ്ങൾകൊണ്ട് ഒരു പ്രയോജനവുമില്ല. ബലിച്ചോറ് പിതൃക്കൾ ഭക്ഷിക്കുന്നു എന്ന വിശ്വാസം വെറും മൗഢ്യമാണ്. മരിച്ചവനു വേണ്ടി ജീവിച്ചിരിക്കുന്ന മറ്റൊരാൾ ശ്രാദ്ധമുണ്ണുന്നതു വഞ്ചനയാണ്. പരലോകം എന്ന ഒന്നില്ല. മരിച്ചാൽ എല്ലാം കഴിഞ്ഞു. അതുകൊണ്ട് സുഖമനുഭവിക്കുക!.... [13]

---

12. മഹാഭാരതം, ശാന്തിപർവം.
13. വാല്മീകി രാമായണം, അയോധ്യാകാണ്ഡം, സർഗം 108.

## 5 ബൗദ്ധജൈനകൃതികളിൽ

ബുദ്ധമതത്തിന്റെ ആവിർഭാവത്തിന് രണ്ടോ മൂന്നോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ സ്വഭാവവാദം, യദൃച്ഛാവാദം, നിയതിവാദം, നിഷ്കാമവാദം, സന്ദേഹവാദം, അജ്ഞേയവാദം എന്നിങ്ങനെ ഒട്ടനവധി സിദ്ധാന്തങ്ങൾ രൂപംകൊണ്ടു കഴിഞ്ഞിരുന്നു. വർണവ്യവസ്ഥ ജീർണിക്കാനും ബൗദ്ധികവും മതപരവും ദാർശനികവുമായ രംഗങ്ങളാകെ കലങ്ങിമറിയാനും തുടങ്ങിയ ഒരു കാലമായിരുന്നു അത്. വിവിധ ചിന്താഗതിക്കാരായ നൂറുകണക്കിലുള്ള ഭിക്ഷുക്കളും സർവസംഗപരിത്യാഗികളായ സന്യാസിമാരും—ഉടുതുണിയില്ലാത്ത പൂർണനഗ്നരായ യതിവര്യന്മാരും അവരുടെ കൂട്ടത്തിൽപെടും—ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റിനടന്ന് താന്താങ്ങളുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവരുടെ ആശയങ്ങൾ വ്യത്യസ്തങ്ങളും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളുമായിരുന്നു. ഓരോരുത്തനും തന്റെ സ്വന്തം അനുയായികളുടെ എണ്ണം വർധിപ്പിക്കാനും അതേസമയത്തുതന്നെ മറ്റുള്ളവരുടെ ആശയങ്ങളെ എതിർത്തു തോൽപ്പിക്കാനും പരിശ്രമിച്ചു. പക്ഷേ, ഒരു കാര്യത്തിൽ അവർക്കിടയിൽ യോജിപ്പുണ്ടായിരുന്നു. വർണവൈരുധ്യങ്ങളെയും പൗരോഹിത്യത്തെയും കർമത്തെപ്പറ്റിയും പുനർജന്മത്തെപ്പറ്റിയുമുള്ള വൈദികസിദ്ധാന്തങ്ങളെയും എതിർക്കുന്ന കാര്യത്തിൽ അവർ പൊതുവിൽ ഏകാഭിപ്രായക്കാരായിരുന്നു.

ജൈനബൗദ്ധസാഹിത്യങ്ങളിൽ അറുപത്തിരണ്ടു തരം തത്വചിന്തകരെപ്പറ്റി പരാമർശമുണ്ട്. അവരിൽ പ്രമുഖന്മാരായ അജിതകേശകംബലി, നിഗണ്ഠനാതപുത്തൻ, സഞ്ജയ ബേലതി പുത്തൻ, പകുധ കാച്ചായനൻ, മഖലി ഗോസാലൻ, പൂരണ കാസ്സപൻ എന്നീ ആറു ദാർശനികന്മാരെപ്പറ്റിയും അവരുടെ സിദ്ധാന്തങ്ങളെപ്പറ്റിയുമാണ് ദീഘനികായം തുടങ്ങിയ പാലിസാഹിത്യ കൃതികളിൽ വിസ്തരിച്ചു പ്രതിപാദിക്കുന്നത്. അവർ ബുദ്ധന്റെയും മഹാവീരന്റെയും സമകാലീനരായിരുന്നു എന്നു സൂചിപ്പിക്കുന്ന പല കഥകളുമുണ്ട്. അജാതശത്രുരാജാവ് മഗധയുടെ തലസ്ഥാനമായ രാജഗൃഹത്തിലേക്ക് അവരെ ക്ഷണിച്ചുവരുത്തി സംഭാഷണങ്ങൾ നടത്തിയെന്നും അവരുടെ സിദ്ധാന്തങ്ങളോട് യോജിക്കാൻ കഴിയാത്തതുകൊണ്ട് ഒടുവിൽ ബുദ്ധനെ സമീപിച്ചു എന്നുമാണ് ദീഘനികായത്തിലെ സാമഞ്ഞഫലസൂത്തത്തിൽ പറയുന്നത്. ഈ കഥയ്ക്ക് ചരിത്രവുമായി എത്രത്തോളം ബന്ധമുണ്ടെന്ന് പറയാൻവയ്യ. മഖലി ഗോസാലൻ, പൂരണ കാസ്സപൻ, നിഗണ്ഠനാതപുത്തൻ എന്നിവരുടെ സിദ്ധാന്തങ്ങൾക്ക്, പ്രത്യേകിച്ചും നിഗണ്ഠന്റെ സിദ്ധാന്തങ്ങൾക്ക്, ജൈനസിദ്ധാന്തങ്ങളുമായി വളരെയേറെ അടുപ്പം കാണുന്നുണ്ടെന്ന് ജൈനസൂത്രങ്ങളുടെ പരിഭാഷകനായ ജാക്കോബിയും ബഷാമിനെപ്പോലെയുള്ള ചില ആധുനിക പണ്ഡിതന്മാരും കരുതുന്നു. നിഗണ്ഠനാതപുത്തനും ജൈനമതത്തിലെ ഇരുപത്തിനാലാമത്തെ തീർഥങ്കരനായി മാനിക്കപ്പെടുന്ന വർധമാനമഹാവീരനും ഒരാളായിരുന്നു എന്ന് കരുതാൻ ന്യായമുണ്ടെന്നു ബഷാം വിശ്വസിക്കുന്നു. [14]

14. Bahsam: History and Doctrines of the Ajivakas, P. 17.

# 6 പരലോകമില്ല, പുനർജന്മമില്ല

അജിതകേശകംബലി ഒരു തികഞ്ഞ ഭൗതികവാദിയായിരുന്നു. പിന്നീട് ചാർവാകന്മാർ അല്ലെങ്കിൽ ലോകായതികന്മാർ എന്ന പേരിൽ പ്രസിദ്ധരായിത്തീർന്ന ഭൗതികവാദികളുടെ മുൻഗാമികളിലൊരാളായിരുന്ന അദ്ദേഹം എന്നു കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്ക് ചാർവാകസിദ്ധാന്തങ്ങളോട് അത്യധിക സാമ്യമുണ്ട്. ദൈവമില്ല, പരലോകമില്ല, പുനർജന്മമില്ല, സൽക്കർമവും ദുഷ്കർമവുമില്ല; നാലു ഭൗതികപദാർഥങ്ങൾ (ചതുർമഹാഭൂതികാ) യാദൃച്ഛികമായി കൂടിച്ചേർന്നതിന്റെ ഫലമാണ് മനുഷ്യൻ; മനുഷ്യൻ മരിക്കുമ്പോൾ ദേഹത്തോടൊപ്പം ദേഹിയും നാമാവശേഷമാകുന്നു. പിന്നെ യാതൊന്നുമില്ല—ഇതാണ്, ചുരുക്കത്തിൽ, അജിതകേശകംബലിയുടെ സിദ്ധാന്തം. ജൈനസൂത്രങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

> “ഭിക്ഷാദാനം, യജ്ഞം, വഴിപാടുകൾ മുതലായവയിൽ യാതൊരു പുണ്യവും അടങ്ങിയിട്ടില്ല. നല്ല കർമത്തിൽ നിന്ന് നല്ല ഫലവും ചീത്ത കർമത്തിൽ നിന്ന് ചീത്ത ഫലവും ഉണ്ടാകുന്നില്ല. ഇഹലോകത്തിൽ നിന്ന് പരലോകത്തിലേക്കുള്ള പ്രയാണമില്ല. മരണാനന്തരജീവിതമില്ല. സന്മാർഗത്തിലൂടെ പൂർണത നേടുകയും ഇഹലോകത്തെയും പരലോകത്തെയും അനുഭവിച്ചറിഞ്ഞ് ആ ജ്ഞാനം വെളിപ്പെടുത്തുകയും ചെയ്ത യതിവര്യന്മാരോ ബ്രാഹ്മണരോ ഇല്ല. മനുഷ്യൻ ഉണ്ടായത് നാലു ഭൗതികപദാർഥങ്ങളിൽ നിന്നാണ്. അവൻ മരിക്കുമ്പോൾ ഭൂമിയുടെ അംശം ഭൂമിയിലും വെള്ളത്തിന്റെ അംശം വെള്ളത്തിലും അഗ്നിയുടെ അംശം അഗ്നിയിലും വായുവിന്റെ അംശം വായുവിലും ലയിച്ചുചേരുന്നു. അവന്റെ പഞ്ചേന്ദ്രിയങ്ങൾ അന്തരീക്ഷത്തിൽ അന്തർധാനം ചെയ്യുന്നു. നാലുപേർ അവന്റെ ശവമഞ്ചം ചുമക്കുന്നു. മരിച്ചു കഴിഞ്ഞവനെപ്പറ്റി അതുമിതും പറഞ്ഞുകൊണ്ട് അവർ ശ്മശാനം വരെ പോകുന്നു. അവിടെ അവന്റെ അസ്ഥികൾ പ്രാവിന്റെ ചിറകുകളുടെ നിറം പ്രാപിക്കുന്നു. അവന്റെ ഹോമങ്ങളും യജ്ഞങ്ങളും ഒരുപിടി ചാരമായി അവസാനിക്കുന്നു. ഭിക്ഷാദാനത്തിന്റെ ഗുണഗണങ്ങളെപ്പറ്റി പ്രചാരവേല ചെയ്യുന്നവർ വിഡ്ഢികളാണ്. അമൂർത്തമായത് നിലനിൽക്കുന്നുണ്ടെന്നു വാദിക്കുന്നവർ നുണയാണ് പറയുന്നത്. അവർ അസംബന്ധം പുലമ്പുന്നവരാണ്. ശരീരം മരിക്കുമ്പോൾ മൂഢനും ബുദ്ധിമാനും ഒരുപോലെ നാശമടയുന്നു. മരണത്തിനുശേഷം അവർ നിലനിൽക്കുന്നില്ല”. [15]

സൂത്രകൃതാംഗമെന്ന ജൈനകൃതിയിൽ അജിതകേശകംബലിയുടെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

> “കാലടിക്കു മുകളിൽ, ശിരോരോമങ്ങൾക്കടിയിൽ, തൊലിക്കുള്ളിലാകെ, ജീവൻ—അതു തന്നെയാണ് ആത്മാവ്—നിലനിൽക്കുന്നു. ആത്മാവാകെ ജീവിച്ചിരിക്കുന്നു. ശരീരം മരിക്കുമ്പോൾ ആത്മാവു ജീവിക്കുന്നില്ല. ശരീരം നിലനിൽക്കുന്നേടത്തോളം മാത്രമേ അതു നിലനിൽക്കുന്നുള്ളു. അത് ശരീരത്തിന്റെ നാശത്തെ അതിജീവിക്കുന്നില്ല. ആത്മാവ് ശരീരത്തിൽ നിന്ന് ഭിന്നമാണെന്നു പറയുന്നവർക്ക് അത് ദീർഘമോ ഹ്രസ്വമോ വൃത്തമോ ത്രികോണമോ സമചതുരമോ ഷഡ്കോണമോ അഷ്ടകോണമോ കറുപ്പോ നീലയോ ചുവപ്പോ മഞ്ഞയോ സുരഭിലമോ ദുർഗന്ധം വമിക്കുന്നതോ മൃദുലമോ കനമുള്ളതോ കനം കുറഞ്ഞതോ തണുത്തതോ ചൂടുള്ളതോ മൃദുലമോ പരുക്കനോ എന്നൊന്നും പറയാൻ കഴിയുന്നില്ല. അതുകൊണ്ട് ആത്മാവ് ശരീരത്തിൽ നിന്നു വിഭിന്നമാണെന്നു പറയുന്നത് തെറ്റാണ്”. [16]

---

15. H. Jacobi, Jainasutras.
16. Ibid PP. 338-341.

## 7 പ്രപഞ്ചത്തിന്റെ മൂലഘടകങ്ങൾ

പ്രപഞ്ചഘടനയിൽ നാലു ഭൗതികപദാർഥങ്ങൾ മാത്രമേയുള്ളൂ എന്നാണ് അജിതകേശകംബലിയുടെ അഭിപ്രായം. ആകാശത്തെ ഒരു പ്രത്യേക ഭൗതികപദാർഥമായി അദ്ദേഹം അംഗീകരിക്കുന്നില്ല. എന്നാൽ, പ്രപഞ്ചം പഞ്ചഭൂത നിർമിതമാണെന്നു വാദിച്ച ചില ചിന്തകന്മാരെപ്പറ്റിയും സൂത്രകൃതാംഗം പ്രതിപാദിക്കുന്നുണ്ട്. ഭൂമി, ജലം, അഗ്നി, വായു, ആകാശം—ഇവയാണ് പഞ്ചഭൂതങ്ങൾ. "സർവചരാചരങ്ങളും സമസ്തലോകവും പഞ്ചഭൂതനിർമിതമാണ്. ഒരു പുൽക്കൊടി വരെ എല്ലാറ്റിന്റെയും മൂലകാരണം അവതന്നെ". [17] പഞ്ചഭൂതങ്ങൾ ആരാലും സൃഷ്ടിക്കപ്പെട്ടവയല്ല. അവ ശാശ്വതമായി നിലനിൽക്കുന്നവയാണ്. "എന്തുണ്ടോ അതു നശിക്കുന്നില്ല. ഒന്നുമില്ലായ്മയിൽ നിന്ന് ഒന്നും ഉണ്ടാകുകയുമില്ല".

പഞ്ചഭൂതവാദികൾ ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നില്ല. അത് പഞ്ചഭൂതങ്ങളുടെ സംയോഗംകൊണ്ടുണ്ടായതാണെന്നു വാദിക്കുക മാത്രമാണ് ചെയ്യുന്നത്:

> "ഈ അഞ്ച് സ്ഥൂലഘടകങ്ങളാണ് എല്ലാറ്റിന്റെയും മൂലകാരണം. അവയിൽ നിന്നാണ് ആത്മാവുണ്ടാകുന്നത്. എന്തെന്നാൽ, ഈ മൂലഘടകങ്ങളുടെ വിച്ഛേദനത്തോടെ ജീവികൾ നിലനിൽക്കാതെയാവുന്നു... ഓരോരുത്തനും, അവൻ മൂഢനായാലും ശരി, യോഗിയായാലും ശരി, ഓരോ ജീവാത്മാവുണ്ട്. ശരീരം നിലനിൽക്കുന്നേടത്തോളം കാലം ആത്മാവും നിലനിൽക്കുന്നു. മരണത്തിനുശേഷം ആത്മാവില്ല. വീണ്ടും ജനിക്കുന്ന ആത്മാവ് എന്നൊന്നില്ല. പാപവും പുണ്യവുമില്ല. പരലോകവുമില്ല. ദേഹനാശത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നു.". [18]

പ്രാചീനഗ്രീക്ക് ദാർശനികരെക്കുറിച്ച് എംഗൽസ് പറയുകയുണ്ടായി: "ഇവിടെ നാം ആരംഭകാലത്തെ നൈസർഗിക ഭൗതികവാദം മുഴുവൻ കാണുന്നു. തുടക്കത്തിൽ ഈ ഭൗതികവാദം തികച്ചും സ്വാഭാവികമായിത്തന്നെ പ്രപഞ്ചപ്രതിഭാസങ്ങളുടെ അനന്തമായ വൈവിധ്യമുള്ള ഐക്യത്തെ ഒരു സാധാരണഗതിയായി കാണുകയും അതിനെ സമൂർത്തമായ ഏതെങ്കിലുമൊരു പ്രത്യേകവസ്തുവിൽ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് തേലിസ് എല്ലാറ്റിന്റെയും മൂലകാരണം വെള്ളമാണെന്നു കണ്ടു". [19]

ഇന്ത്യയിലെ പ്രാചീനഭൗതികവാദികളും ആരംഭത്തിൽ വെള്ളം, തീ, വായു എന്നിങ്ങനെ ഏതെങ്കിലുമൊരു ഭൗതികവസ്തുവിലാണ് മൂലകാരണമാരാഞ്ഞത്. പിന്നീടാണ് നാലോ അഞ്ചോ ഭൗതികപദാർഥങ്ങൾ കൂടിച്ചേർന്നതിന്റെ ഫലമാണ് പ്രപഞ്ചം എന്ന വാദം ഉയർന്നുവന്നത്.

പക്ഷേ, മറ്റുചില ചിന്തകന്മാർ പഞ്ചഭൂതങ്ങൾക്കു പുറമെ ഒരു ആത്മാവു കൂടിയുണ്ടെന്നു വാദിച്ചു. പഞ്ചഭൂതങ്ങളെന്നപോലെ തന്നെ ആത്മാവും ശാശ്വതമാണെന്നായിരുന്നു അവരുടെ അഭിപ്രായം. "ഈ ആറു മൂലഘടകങ്ങൾ ഏതെങ്കിലും കാരണത്താലോ, കാരണം കൂടാതെയോ ഒരിക്കലും നശിച്ചുപോകുന്നില്ല. അസത്തായത് സത്തായിത്തീരുകയില്ല. എല്ലാം അവയുടെ സ്വഭാവംകൊണ്ട് തന്നെ ശാശ്വതമാണ്". [20]

പകുധ കാച്ചായനന്റെ അഭിപ്രായത്തിൽ ഭൂമി, വെള്ളം, അഗ്നി, വായു എന്നീ ചതുർഭൂതങ്ങൾക്കു പുറമെ സുഖം, ദുഃഖം, ജീവൻ എന്നിങ്ങനെ മൂന്നു മൗലിക ഘടകങ്ങൾ കൂടിയുണ്ട്. കായങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ ഏഴു മൗലികവസ്തുക്കൾ ശാശ്വതങ്ങളാണ്. അവ ആരാലും സൃഷ്ടിക്കപ്പെട്ടവയല്ല. അവ മാറ്റമില്ലാത്തവയും പരസ്പരം ആശ്രയിക്കുന്നവയുമാണ്. അവയിൽ നിന്ന് ഒന്നും ഉണ്ടാകുന്നില്ല. ഈ അർഥത്തിൽ അവ അഫലങ്ങളാണ്. അവയിൽ നിന്നാണ് ശരീരമുണ്ടാകുന്നത് എന്നതു ശരിതന്നെ. പക്ഷേ, ഇത് ഉൽപ്പാദനമല്ല, സംയോഗമാണ്, വ്യത്യസ്ത ഘടകങ്ങളുടെ കൂടിച്ചേരൽ മാത്രമാണ്. മൗലികമായ ഏഴു പദാർഥങ്ങൾ സൃഷ്ടിക്കപ്പെട്ടവയല്ല. "യാതൊന്നു നിലനിൽക്കുന്നുവോ അതു നശിപ്പിക്കാൻ സാധ്യമല്ല. ഇല്ലായ്മയിൽ നിന്ന് ഒന്നും ഉണ്ടാവുകയുമില്ല". ഈ ഏഴു മൂലകങ്ങൾ അനശ്വരങ്ങളാണ്. ഒരാൾ ഒരു മൂർച്ചയുള്ള വാൾകൊണ്ട് മറ്റൊരാളുടെ ശിരസ്സു ഛേദിച്ചാൽ അയാൾ ജീവനെ നശിപ്പിക്കുന്നില്ല. വാൾ കൊണ്ടുള്ള മുറി ഏഴു മൂല ഘടകങ്ങളിലൂടെ കടന്നുപോവുക മാത്രമാണ് ചെയ്യുന്നത്.

സഞ്ജയബേലതി പുത്തൻ ഒരു സന്ദേഹവാദിയായിരുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ അവ്യക്തങ്ങളായിരുന്നു. താത്വികപ്രശ്നങ്ങളിൽ ഒരു ഉറച്ച നിലപാടെടുക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഉദാഹരണത്തിന്, പരലോകമുണ്ടോയെന്ന് നിങ്ങൾ എന്നോടു ചോദിക്കുന്നു. ഞാൻ പരലോകത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ ഉണ്ടെന്നുപറയും. പക്ഷേ, അതല്ല ഞാൻ പറയുന്നത്. അതങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല... ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വാദഗതി.

ജീവിതത്തിൽ സംയമനവും നിയന്ത്രണവും പാലിക്കണമെന്ന് ഉൽബോധിപ്പിച്ച ഒരു ചിന്തകനാണ് നിഗണ്ഠനാതപുത്തൻ. സംയമനവും നിയന്ത്രണവും ശീലിച്ചാൽ മനസ്സിനെ നിയന്ത്രിച്ച് ദൃഢമാക്കി നിർത്താനും അങ്ങനെ പാപകർമങ്ങളെ ഒഴിവാക്കാനും കഴിയുമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. നേരെമറിച്ച്, മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം പാപകർമങ്ങളോ പുണ്യകർമങ്ങളോ ഒന്നും ഇല്ലെന്നാണ് പൂരണ കാസ്സപൻ വാദിച്ചത്. കൊലപാതകി, കള്ളൻ, വീട് കൊള്ളയടിക്കുന്നവൻ, കവർച്ചക്കാരൻ, വ്യഭിചാരി, കളവു പറയുന്നവൻ, ആരും ഒരു പാപവും ചെയ്യുന്നില്ല. മൂർച്ചയുള്ള വാൾകൊണ്ട് ഭൂമിയിലുള്ള ജീവജാലങ്ങളെ മുഴുവൻ കൊന്നൊടുക്കി വെറും മാംസപിണ്ഡങ്ങളാക്കി മാറ്റുന്നവൻ പോലും പാപം ചെയ്യുന്നില്ല. ഒരാൾ ഗംഗാനദിയുടെ തെക്കേ കരയിൽ വന്ന് ജനങ്ങളെ കൊല്ലുകയും മുറിവേൽപ്പിക്കുകയും മർദിക്കുകയും മറ്റും ചെയ്താൽ അയാൾക്ക് ഒരു പാപവും ഉണ്ടാകുന്നതല്ല. അതുപോലെതന്നെ ഒരാൾ ഗംഗാനദിയുടെ വടക്കെ കരയിൽ പോയി ദാനം നൽകുകയും യജ്ഞം നടത്തുകയും മറ്റും ചെയ്താൽ അയാൾക്ക് ഒരു പുണ്യവും ലഭിക്കുകയില്ല. ദയ, ആത്മനിയന്ത്രണം, അപരിഗ്രഹം, നിഷ്കപടത മുതലായവയിൽ നിന്ന് യാതൊരു പുണ്യവും ഉണ്ടാവില്ല. [21]

---

17. Ibid. P. 343.
18. Ibid, P. 236.
19. F. Engels: Socialism, Utopian and Scientific.
20. Ibid. p. 237.
21. Dighanikaya, Quoted by A. L. Basham: History and Doctrines of the Ajivakas, P. 13.

## 8 ആജീവകദർശനം

ഈ വിഭിന്നദാർശനികന്മാരിൽ ഏറ്റവും അധികം പ്രസിദ്ധിയാർജ്ജിച്ചത് ആജീവകദർശനത്തിന്റെ ഉപജ്ഞാതാവായ മഖലി ഗോസാലനാണ്. നിയതി അല്ലെങ്കിൽ വിധിയാണ് ആജീവകദർശനത്തിലെ അടിസ്ഥാനതത്വം. ബ്രാഹ്മണപുരോഹിതന്മാർ കർമമാണ് എല്ലാറ്റിന്റെയും അടിസ്ഥാനം എന്നു വാദിച്ചപ്പോൾ കർമമല്ല നിയതിയാണ് പ്രപഞ്ചത്തിന്റെ നിയാമകശക്തിയെന്ന് ആജീവകന്മാർ പ്രഖ്യാപിച്ചു. കർമനിയമമനുസരിച്ച് മനുഷ്യന്റെ സുഖദുഃഖങ്ങളും ഭാവിയും അവന് സമൂഹത്തിലുള്ള സ്ഥാനവും എല്ലാം അവന്റെതന്നെ പ്രവൃത്തിയുടെ ഫലമാണ്. ഈ വാദം അസംബന്ധമാണെന്നും കർമത്തിനോ മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തിക്കോ യാതൊരു സ്ഥാനവുമില്ലെന്നും ശക്തനും ദുർബലനും ധീരനും ഭീരുവും എല്ലാം നിയതിക്ക് കീഴ്പ്പെട്ടിരിക്കുന്നു എന്നും ആജീവകന്മാർ വാദിച്ചു. സംയുക്തനികായം, ദീഘനികായം, അഗുത്തരനികായം തുടങ്ങിയ കൃതികളിൽ അവരുടെ സിദ്ധാന്തങ്ങൾ വിസ്തരിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് പാപപുണ്യങ്ങളിൽ വിശ്വാസമില്ല. ജീവികളുടെ പാപങ്ങൾക്ക് കാരണമോ അടിസ്ഥാനമോ ഇല്ല. മനുഷ്യർ പാപികളായിത്തീരുന്നത് കാരണമോ അടിസ്ഥാനമോ ഇല്ലാതെയാണ്. അതുപോലെതന്നെ ജീവികളുടെ പരിശുദ്ധിക്കും കാരണമോ അടിസ്ഥാനമോ കൂടാതെയാണ്. ഒരാളുടെ ഭാവിജന്മങ്ങളെ നിർണയിക്കാൻ അയാളോ അയാൾക്ക് വേണ്ടി മറ്റാരെങ്കിലുമോ ചെയ്യുന്ന കർമങ്ങൾക്ക് സാധ്യമല്ല. മനുഷ്യന്റെ പ്രവർത്തനത്തിനോ ശക്തിക്കോ ധീരതയ്ക്കോ ക്ഷമയ്ക്കോ പ്രാപ്തിക്കോ അവന്റെ ഐഹികമായ നിയതിയെ മാറ്റാൻ കഴിയില്ല. എല്ലാ ജീവികളും—ശ്വസിക്കുന്നവയെല്ലാം, ജനിക്കുന്നവയെല്ലാം, ജീവിക്കുന്നവയെല്ലാം—ശക്തിയോ പ്രാപ്തിയോ പുണ്യമോ ഇല്ലാത്തവയാണ്. നിയതി, യാദൃച്ഛികത, സ്വഭാവം എന്നിവയാണ് എല്ലാ ജീവജാലങ്ങളെയും രൂപപ്പെടുത്തുന്നത്. [22]

ആജീവകന്മാരുടെ നേതാവായ മഖലി ഗോസാലൻ അജാതശത്രുവിനോട് ഇങ്ങനെ പറഞ്ഞതായി കാണുന്നു:

> "മഹാരാജാവേ, ജീവജാലങ്ങളുടെ അധഃപതനത്തിന് എന്തെങ്കിലും കാരണമോ മുമ്പു മുതൽക്കേ നിലനിന്നു പോന്ന എന്തെങ്കിലും തത്വമോ ഇല്ല. അവയുടെ അശുദ്ധി അകാരണമാണ്. അതുപോലെ ജീവജാലങ്ങളുടെ പരിശുദ്ധിക്കും കാരണമോ തത്വമോ ഇല്ല. അവയുടെ വിശുദ്ധി അകാരണമാണ്. അതു വ്യക്തികളുടെ പ്രവർത്തനങ്ങളുടെ ഫലമല്ല; മറ്റുള്ളവരുടെ പ്രവർത്തനങ്ങളുടെ ഫലവുമല്ല; മനുഷ്യപ്രവൃത്തിയിൽ നിന്നോ പ്രയത്നത്തിൽ നിന്നോ സ്ഥൈര്യത്തിൽ നിന്നോ ആർജവത്തിൽ നിന്നോ അല്ല; അതിന്റെ തന്നെ സ്വഭാവമാണത്". [23]

സ്വഭാവവാദികളെപ്പോലെ തന്നെ നിയതിവാദികളും മനുഷ്യപ്രയത്നം നിഷ്ഫലമാണെന്നു കരുതുന്നു. മനുഷ്യജീവിതത്തെയും പ്രപഞ്ചത്തിന്റെ വൈവിധ്യത്തെയും നിർണയിക്കുന്നത് കർമമല്ല, നിയതിയാണ്. പ്രപഞ്ചത്തിലെ ഓരോ പ്രതിഭാസവും അതിന്റെ തന്നെ സ്വഭാവമനുസരിച്ചാണ് രൂപപ്പെടുന്നത്. ഗോസാലൻ അജാതശത്രുവിനോടു പറഞ്ഞു: "നട്ടെല്ലുള്ള എല്ലാ പ്രാണികളും, ഓരൊറ്റ ഇന്ദ്രിയം മാത്രമുള്ളവയോ ഒന്നിലധികം ഇന്ദ്രിയങ്ങളുള്ളവയോ ആയ എല്ലാ ജീവികളും, അണ്ഡങ്ങളിൽ നിന്നോ ഗർഭാശയങ്ങളിൽ നിന്നോ ജനിക്കുന്നവയെല്ലാം, വിവിധ രൂപങ്ങൾ കൈക്കൊള്ളുന്നത് അവയുടെ വ്യത്യസ്ത സ്വഭാവങ്ങളനുസരിച്ചാണ്".

കർമനിയമവും പുനർജന്മ സിദ്ധാന്തവുമായിരുന്നു ചാതുർവർണ്യത്തിന്റെയും പൗരോഹിത്യത്തിന്റെയും അടിസ്ഥാനങ്ങൾ. ഈ അടിസ്ഥാനങ്ങൾക്ക് എതിരായിട്ടാണ് ആജീവകന്മാർ തങ്ങളുടെ നിയതിവാദം ഉയർത്തിപ്പിടിച്ചത്. ലോകത്തെ നിയന്ത്രിക്കുന്നത് കർമമല്ല, നിയതിയാണെന്ന് അവർ പ്രഖ്യാപിച്ചു. അവർ ബ്രാഹ്മണരുടെ നേതൃത്വത്തിലുള്ള യജ്ഞങ്ങളെ എതിർക്കുകയും പുനർജന്മ സിദ്ധാന്തത്തെ പരിഹസിക്കുകയും ചെയ്തു. ബ്രഹ്മമല്ല, ഭൂമി, വായു, ജലം, അഗ്നി എന്നീ നാലു ഭൗതികപദാർഥങ്ങളാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടകങ്ങൾ എന്ന് അവർ പ്രഖ്യാപിച്ചു. അങ്ങനെ ബ്രാഹ്മണ പൗരോഹിത്യം പ്രായോഗികമായും താത്വികമായും ചോദ്യം ചെയ്യപ്പെട്ടു.

പുരോഹിതന്മാരും വെറുതെയിരുന്നില്ല. എല്ലാ ശക്തിയും ഉപയോഗിച്ച് അവർ തിരിച്ചടിച്ചു. ചാതുർവർണ്യത്തിന്റെ പരിപാവനതയെ ചോദ്യം ചെയ്യുന്നവർ പാഷണ്ഡന്മാരും സമുദായത്തിന്റെ ശത്രുക്കളുമാണെന്ന് അവർ പ്രഖ്യാപിച്ചു. ഭൗതികവാദം ലോകത്തെ നാശത്തിലേക്കേ നയിക്കൂ. മാന്യതയുള്ളവരാരും ഭൗതികവാദികളാവുകയില്ല. "ആജീവകന്മാർ കൂലിവേലക്കാരും കൈവേലക്കാരുമാണ്. അവർ വർണവ്യവസ്ഥയിൽ കുഴപ്പമുണ്ടാക്കുന്നവരാണ്" എന്ന് വായുപുരാണത്തിൽ പറയുന്നു.

ഗോസാലനെപ്പോലെയുള്ള ഭൗതികവാദികൾ മുഖ്യമായും കായികാധ്വാനത്തിൽ ഏർപ്പെട്ട വേലക്കാരുടെയിടയിൽ നിന്നാണ് ഉയർന്നുവന്നത് എന്നാണിതു കാണിക്കുന്നത്. പക്ഷേ, ക്ഷത്രിയന്മാരുടെയിടയിലും വൈശ്യന്മാരുടെയിടയിലും അവർക്ക് വലിയ സ്വാധീനമുണ്ടായിരുന്നു എന്നു വ്യക്തമാണ്.

ഭൗതികവാദികളുടെ മുന്നണിയിൽ നിന്നുകൊണ്ട് ബ്രാഹ്മണസിദ്ധാന്തങ്ങളെയും വൈദികവൃത്തിയെയും ഏറ്റവും രൂക്ഷമായി എതിർത്തത് ചാർവാകന്മാർ അല്ലെങ്കിൽ ലോകായതികന്മാർ ആണ്. ചാതുർവർണ്യത്തിന്റെ ഏറ്റവും ക്രൂരമായ മർദനങ്ങൾക്കിരയായിത്തീർന്നതും അവർ തന്നെയാണ്.

---

22. Samannha Phala Sutta, Quoted by A. L. Asham: History and Doctrines of the Ajivakas, P. 13-14.
23. Sacred Books of the East, Vol. XIV Jacobi's Introduction, P. XXV.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014